(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് അതാത് സംസ്ഥാന സർക്കാരുകളാണ്. മലയാളികൾക്ക് ന്യൂനപക്ഷ പദവി ലഭിക്കാൻ അർഹതയുള്ള സംസ്ഥാനങ്ങൾ ഏതൊക്കെയാണ് എന്ന് കണ്ടുപിടിക്കുന്നതിന് മറുനാടൻ മലയാളികളെക്കുറിച്ചുള്ള ഒരു സമഗ്ര സർവ്വെ നടത്തി ഒരു സ്ഥിതി വിവരകണക്ക് തയ്യാറാക്കേണ്ടതുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ

148 (4431) ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ മലയാളികൾ കൂടുതൽ താമസിക്കുന്ന നഗരങ്ങളിലും വച്ച് നടത്തുവാൻ നോർക്കയ്ക്ക് പരിപാടിയുണ്ടോ :

(ബി) ഇത്തരം പരീക്ഷാ കേന്ദ്രങ്ങൾ വിദേശത്തും ഉണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള ഒരു പരീക്ഷാകേന്ദ്രം 2003 മുതൽ ന്യൂഡൽഹിയിൽ അനുവദിച്ചിട്ടുണ്ട്. 2003 ജൂലൈ 12, 13 തീയതികളിൽ നടന്ന മറുനാടൻ മലയാളി സംഗമത്തിൽ രൂപംകൊണ്ട കർമ്മ പരിപാടിയിൽ ഈ നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വിദേശത്ത് വീട്ടുജോലികൾക്കായി പോയി മടങ്ങിവരുന്ന സ്ത്രീകൾക്ക് പെൻഷൻ പദ്ധതി

149(4432) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുജോലികൾക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരും നാട്ടിലെത്തിയാൽ കടുത്ത അവഗണന അനുഭവിക്കുന്നവരുമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഇവർ ജോലി മതിയാക്കി തിരികെ വരുമ്പോൾ ഒരു പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്ന തരത്തിൽ അവരുടെ കയ്യിൽ നിന്നും കുടി ധനസമാഹരണം നടത്തിക്കൊണ്ട് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly